മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഗ്രാമസംഘങ്ങളിൽ തൊഴിലാളികളെ മദ്ദിച്ചതിനെ സംബന്ധിച്ചു യാതൊരു അറിവുമില്ലെന്നു് കഴിഞ്ഞദിവസം ഇവിടെ പറഞ്ഞ സമാധാനത്തിനു് എതിരല്ലേ ഈ സമാധാനം ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അനേഷിച്ചു വിവരം അറിയാതെ പറയാൻ സാധിയ്ക്കയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഗ്രാമപ്രദേശങ്ങളിൽ തൊഴിലാളികളെ മദ്ദിയ്ക്കുന്നുണ്ടോ എന്നുള്ളതിനു് അറിവില്ലെന്നായിരിയ്ക്കാം ഗവൺമെണ്ടിന്റെ സമാധാനം.

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— തൊഴിലാളികളുടെ കായ്മമല്ല ഇതു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അധഃകൃതർ തൊഴിലാളികളല്ലേ ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— ഇതിൽ ആരൊക്കെയാണു് തൊഴിലാളികൾ, ആരൊക്കെയാണു് തൊഴിലാളികളല്ലാത്തവരെന്നു് ഹർജികൾ നോക്കിയാലേ പറയുവാൻ സാധിയ്ക്കയുള്ളു.

മിസ്റ്റർ കെ. അയ്യപ്പൻ.—അധഃകൃതരിൽ തൊഴിലാളികളല്ലാതെ വേറെ ആരെങ്കിലും ഉണ്ടെന്നു് ഗവൺമെണ്ടു് വിചാരിയ്ക്കുന്നുണ്ടോ ?

Mr. P. Nilakanta Menon.—Sir, is this a supplementary question, after all? Unless a definite question is put I am not in a position to answer. How can we give an answer at the spur of the moment ?

Mr. K. Ayyappan.—My question was whether there are any among the depressed classes who are not labourers.

President.—The very fact that there are some clerks belonging to the depressed classes, shows that all of them are not labourers.

Temple for the Depressed Classes of Maradu and Kundannur.

ഫസ്റ്റ്. മിസ്റ്റർ കെ പി. വള്ളോൻ.—മരടു്, കുണ്ടന്നൂർ നിവാസികളായ അധഃകൃതക്കായി പണിചെയ്യിട്ടുള്ള ക്ഷേത്രം ഇരിക്കുന്ന സ്ഥലം ആരുടെയാണു്; ടി ക്ഷേത്രം പണി ചെയ്യിട്ടുള്ളതു് സമുദായക്കാരായ അധഃകൃതരുടെ സമ്മതപ്രകാരമാണോ; സമ്മതപ്രകാരമെങ്കിൽ ഉത്സവത്തിനു് ആനയേയും പൂജാരികളേയും സംരക്ഷണവകുപ്പിൽനിന്നും കൊണ്ടുവന്നപ്പോൾ സ്ഥലത്തെ അധഃകൃതർ വിലക്കു മടക്കി അയക്കുവാനുള്ള കാരണമെന്തു്; അന്നു് സംരക്ഷകന്റെ കൃത്യം എവിടെയായിരുന്നു ?

രാമവർമ്മതമ്പുരാൻ.—കുണ്ടന്നൂർ ഭജനമഠം ഇരിക്കുന്ന സ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ലം തട്ടേശവാസിയായ ഒരു നായർ ജന്മിയുടേതാണ്. പുലയരുടെ വക പുരാതനമായി അവിടെയുണ്ടായിരുന്ന ക്ഷേത്രം ജീർണ്ണോദ്ധാരണംചെയ്ത പുതിയതായി പണിയിച്ചതു് അവരുടെ സമ്മതപ്രകാരമാണ്. ഉത്സവത്തിനു് ആനയേയും മറ്റും ചിലവുചെയ്തു കൊണ്ടുവന്നതു് ആ ദേശത്തെ പുലയർതന്നെയാണ്. സംരക്ഷണ വകുപ്പിൽനിന്നല്ല. സംരക്ഷകൻ അന്നു കൃാമ്പ് ചെയ്തതു കുണ്ടന്നൂർ ആണ്.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—സംരക്ഷണവകുപ്പിലേയ്ക്കു് ആനയും പൂജാരിയും എന്തിനാണു് ?

രാമവമ്മ തമ്പുരാൻ.—സംരക്ഷണ വകുപ്പിൽനിന്നു രണ്ടാളുകളേ പോയിരുന്നുള്ളു.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—സംരക്ഷണവകുപ്പുകാരാണോ മടക്കി അയച്ചതു് ?

രാമവമ്മ തമ്പുരാൻ.—അല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഡിപ്പാർട്ടുമെണ്ടിൽ നിന്നാണോ കൊണ്ടുവന്നതെന്നു ചോദ്യം; ഡിപ്പാർട്ടുമെണ്ടിൽനിന്നും മടക്കി അയച്ചിട്ടില്ല എന്നു മറുപടി. ഈ ചോദ്യത്തിനുള്ള മറുപടി ശരിയാണോ ?

രാമവമ്മ തമ്പുരാൻ.—ആയിരിയ്ക്കുമെന്നാണ് തോന്നുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകൻ പോയതു ഉത്സവം നടത്തുവാൻ വേണ്ടിയല്ലേ ?

രാമവമ്മ തമ്പുരാൻ.—നോട്ടീസു വേണം.

മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകൻ സാധാരണയായി ഉത്സവം നടത്താറുണ്ടോ ?

രാമവമ്മ തമ്പുരാൻ.—നോട്ടീസു വേണം.

Colonies for the Depressed Classes in Chittur Taluk.

ക്രമാ. മിസ്റ്റർ കെ. പി. വള്ളോൻ.—ചിറ്റൂർ താലൂക്കു നിവാസികളായ അധഃകൃതക്കുവേണ്ടി സംരക്ഷണവകുപ്പിൽനിന്നും എത്ര കോളനിയുണ്ടാക്കി കൊടുത്തിട്ടുണ്ടു്; ടി കോളനി വകയ്ക്കു ചിലവു ചെയ്തിട്ടുള്ള സംഖ്യയെത്ര ?

രാമവമ്മതമ്പുരാൻ.—ചിറ്റൂർ താലൂക്കിൽ മീനാക്ഷിപുരം, തിരുവഴിയാടു്, പയ്യാങ്കോടു്, വല്ലങ്കി എന്നു നാലു ദിക്കുകളിൽ കോളനികൾ സ്ഥാപിച്ചിട്ടുണ്ടു്. ടി കോളനികൾക്കു സ്ഥലം അക്വയർ ചെയ്തും മറ്റും ആയി ആകെ രൂ,വ൹൹൹-൹൹-൹ ഉറുപ്പിക ചിലവായിട്ടുണ്ടു്.

Houses built at Pachalam for the Valas.

ക്രമാ. കെ. പി. വള്ളോൻ—(൹) പച്ചാളം വാല കോളനിയിൽ പണി ചെയ്തിട്ടുള്ള വീടുകൾ എത്ര?

(ൺ) ടി കോളനികൾ പണി ചെയ്തിപ്പിച്ചിട്ടുള്ളതു് ഏതു ഡിപ്പാർട്ടുമെണ്ടിൽ നിന്നാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly